പറയുന്നത് ആ ഓർഡർ പുറപ്പെടുവിക്കുന്നതിനു മുമ്പ് ചിലർക്ക് നോട്ടീസ് കൊടുത്തിരുന്നു അവരുടെ ഇലക്ട്രിസിറ്റി ബിൽ തുക ഇപ്പോൾ വാങ്ങുന്നില്ല; അധിക ഡെപ്പോസിറ്റ് തുക അടയ്ക്കാൻ നിർബന്ധിക്കുന്നു എന്നാണ്. ഒരു കാര്യം ഞാൻ ശ്രീ. ജയരാജനോട് പറഞ്ഞേക്കാം, അങ്ങനെയാണെങ്കിൽ അത് നിർത്തും. ബിൽ വാങ്ങാതെ ഈ ഡയറക്ഷൻ തെറ്റിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയും കൈക്കൊള്ളും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഗവൺമെന്റും ബോർഡും ഒരു ഡയറക്ഷൻ കൊടുത്തിട്ട് അത് അംഗീകരിക്കാതെ ഒരു ഉദ്യോഗസ്ഥനും ഇരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരുപക്ഷേ അങ്ങനെ അവർക്ക് ആ ഓർഡറിനെപ്പറ്റി വല്ല തെറ്റിദ്ധാരണയുമുണ്ടെങ്കിൽ അത് ക്ലിയർ ചെയ്യും. തൽക്കാലം അത് നിർത്തിവച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മെമ്പറും മറ്റു മെമ്പർമാരും എല്ലാം ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

(14) കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട തനത് ഫണ്ട് തിരിച്ചു നൽകുന്നതു സംബന്ധിച്ച്

ശ്രീ. സാജു പോൾ: സർ, 9-7-2003-ലെ 381/2003-ാം നമ്പർ ഉത്തരവ് പ്രകാരം പ്ലാൻ, പി.ഡി. അക്കൗണ്ടുകൾ നിർത്തലാക്കിയപ്പോൾ കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന്റെ 44,61,999 രൂപയുടെ തനതുഫണ്ട് നഷ്ടപ്പെട്ടു. വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന ആ പഞ്ചായത്തിൽ തനത് ഫണ്ട് ആയി അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): പലതിനും റെക്കോർഡ് സൃഷ്ടിച്ചിട്ടുള്ള ഈ സഭ ഇന്നും ഒരു പുതിയ റെക്കോർഡ് ഇടുകയാണ്. സീറോ അവറിൽ ഹൗസ് പിരിയുന്ന സ്ഥിതിയിലേക്ക് നമ്മൾ നീങ്ങുകയാണ്. കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരിച്ചുനൽകേണ്ടതു സംബന്ധിച്ചാണ് ശ്രീ. സാജു പോൾ സബ്മിഷൻ ഉന്നയിച്ചത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 9-7-2003 മുതൽ ബിൽ സമ്പ്രദായം നടപ്പിലാക്കുകയും പ്ലാൻ, പി. ഡി. അക്കൗണ്ടുകൾ നിറുത്തുകയും ചെയ്തു. അതിൽ നിലനിന്നുവരുന്ന നോൺ പ്ലാൻ ഫണ്ടുകളും പ്ലാൻ ഫണ്ടുകൾ ഒഴികെയുള്ള മറ്റ് ഫണ്ടുകളും മാറ്റി നിക്ഷേപിക്കുന്നതിന് പ്രത്യേക അനുമതി ഉണ്ടായിരുന്നു. എന്നാൽ കൂവ്വപ്പടി ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ സംയോജിതമായ നടപടി സ്വീകരിക്കാത്തതിനാൽ നിറുത്തലാക്കിയ പ്ലാൻ, പി.ഡി. അക്കൗണ്ടുകളിൽ മിച്ചമുള്ള തുക സർക്കാരിലേക്ക് വരവ് വച്ചു. ഫണ്ട് തിരികെ നൽകണമെന്ന ആവശ്യത്തിൻമേൽ ലോക്കൽ ഫണ്ട് ഓഫീസുകളിൽ നിന്നും പരിശോധനാ റിപ്പോർട്ട് വളരെ താമസിച്ചാണ് ലഭിച്ചത്. അപ്പോഴേക്കും അക്കൗണ്ടിൽ തുക ബാക്കിയില്ലാത്ത സാഹചര്യത്തിൽ പണം തിരികെ നൽകാൻ സാദ്ധ്യമായിരുന്നില്ല. ഇത്തരം ലാപ്സായ ഫണ്ടുകളുടെ വിവരങ്ങൾ അടങ്ങിയ ഫയൽ ഭരണവകുപ്പിൽ ഏൽപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചശേഷം കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കണമെന്ന് ആവശ്യപ്പെടുന്ന തുക നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി തിരിച്ചുനൽകുന്ന കാര്യത്തിൽ താമസംവിനാ തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly